പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3055 13.03.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. പുന:രുദ്ധാരണ നടപടികൾ

ചോദ്യം

ശ്രീ. പി.കെ.ബഷീർ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2017-18 വർഷം കെ.എസ്.ആർ. ടി.സി -യുടെ പുന:രുദ്ധാരണ വർഷമായി സർക്കാർ പ്രഖ്യാപിക്കുകയും അതിനായി മൂവായിരം കോടി രൂപയുടെ രക്ഷാ പാക്കേജ് പ്രഖ്യാപിച്ചതിന്റെയും ഭാഗമായി എന്തെല്ലാം പ്രവൃത്തികൾ നാളിതുവരെ നടത്തി എന്നും തുടർ പ്രവൃത്തികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ പുനഃരുദ്ധാരണ പാക്കേജിന്റെ ഭാഗമായി 3000 കോടി വരുന്ന മൂന്ന് വർഷങ്ങളിൽ അനുവദിക്കുമെന്ന് 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിരുന്നു. കെ.എസ്.ആർ.ടി.സി.യുടെ പുനഃരുദ്ധാരണത്തിന്റെ ഭാഗമായി നിരവധി നടപടികൾ കൈക്കൊണ്ടു വരുന്നു. കാലാവധി പൂർത്തിയാക്കിയ പഴയ ബസുകൾ മാറ്റുന്നതിനും ബസുകളുടെ എണ്ണം വർദ്ധിപ്പിച്ച് വരുമാനം ഉയർത്തുന്നതിനുമായി 900 ഡീസൽ ബസുകൾ വാങ്ങുന്നതിന് കിഫ്ബിയിൽ നിന്നും 324 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000/- രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്. ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ് ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്ക് പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി-യ്ക്ക് ആയിരം സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | സി.എൻ.ജി ലഭ്യതയുടെ പരിമിതി കണക്കിലെടുത്തുകൊണ്ട് കിഫ്ബി ഫണ്ട് ഉപയോഗിച്ച് സി.എൻ.ജി ബസ്സുകൾ വാങ്ങിയിട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി -യിലെ ഇരട്ട ഡ്യൂട്ടി സമ്പ്രദായം പരിഷ്കരി | (സി) | കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതി |

| | | | |
|---|---|---|---|
| | ച്ചിട്ടുണ്ടോ; ഇതുമൂലം സാമ്പത്തിക നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | | നം, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. മുഴുവൻ ഷെഡ്യൂളുകളും സിംഗിൾ ഡ്യൂട്ടികളായി പുനഃക്രമീകരിക്കുവാനുള്ള നടപടികൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | നഷ്ടത്തിലോടുന്ന സർവ്വീസുകൾ നിർത്തലാക്കാതെ ഫലപ്രദമായി റൂട്ടുകൾ ക്രമീകരിക്കുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി എന്തെന്ന് വ്യക്തമാക്കുമോ; | (ഡി) | സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000/- രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | ജൻറം ബസുകൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ തുടങ്ങിയത് മുതൽ നാളിതുവരെയുള്ള ലാഭം എത്ര രൂപയാണ്; വർഷം തിരിച്ച് വ്യക്തമാക്കുമോ? | (ഇ) | ജൻറം ബസുകൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ